Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort, Thrissur - 680005, Kerala, India

22.04.2026

# ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ലോക ഹീമോഫീലിയ ദിനം ആചരിച്ചു.

ലോക ഹീമോഫീലിയ ദിനം ജൂബിലി മിഷൻ മെഡിക്കൽ കോളേജും ഹീമോഫീലിയ കുന്ദംകുളം ചാപ്റ്ററും സംയുക്തമായി വിവിധ പരിപാടികളോടെ ആചരിച്ചു. അവബോധം, അക്കാദമിക്സ് രോഗീപരിചരണം എന്നിവക്ക് പ്രാധാന്യം നൽകി നടത്തിയ പരിപാടി മദർ തെരേസ ഹാളിൽ നടന്നു. മേയർ ഡോ. നിജി ജസ്റ്റിൻ പരിപാടി ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ചു. പരിപാടിയുടെ ഭാഗമായി തൃശ്ശൂർ മേഖലയിലെ ഹീമോഫീലിയ പരിചരണ രംഗത്ത് നൽകിയ മികച്ച സംഭാവനകൾക്ക് ഡോ. ഷീല ടി. എ.യ്ക്ക് കണ്ണൻ മെമ്മോറിയൽ അവാർഡ് സമ്മാനിച്ചു. ഹീമോഫീലിയ രോഗികളും അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്ത അക്കാദമിക് സെഷൻ, മെഡിക്കൽ ക്യാമ്പ്, ഫിസിയോതെറാപ്പി ക്യാമ്പ് എന്നിവയും ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. രക്തസ്രാവ സംബന്ധമായ അസുഖങ്ങളിൽ രോഗനിർണ്ണയത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയും പ്രത്യേകിച്ച് സ്ത്രീകളിലും പെൺകുട്ടികളിലും ഇത്തരം അസുഖങ്ങൾ തിരിച്ചറിയുന്നതിനുള്ള അവബോധവും പരിപാടിയിൽ ഉൾപ്പെടുത്തി.